CYAN MAGENTA YELLOW BLACK


# പ്രതിച്ഛായ

പേജ് 20 വില 7.00

www.pratichaya.com

●വാല്യം 2 ●ലക്കം 45 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ● 29 ജൂലൈ 2009


# സിപിഎം പോളിറ്റ് ബ്യൂറോയും അഴുക്കിൽ കൈകുത്തിയ വാനരനും

**പി.ടി. ജോസ്**

> **ഇ.എം.എസ്സും ഏ.കെ.ജിയും പോലും പാർട്ടി ശിക്ഷണനടപടിക്ക് വിധേയമായിട്ടുണ്ട്. അന്നൊന്നും അക്കാര്യങ്ങൾ അങ്ങാടിപ്പാട്ടായിട്ടില്ല. ഒരു ചിട്ടയും വ്യവസ്ഥയും അവരുടേതായ രീതിയിൽ ഉണ്ടായിരുന്നു. ഇരുമ്പുമറയെന്നൊക്കെ എതിർക്കുന്നവർ പറഞ്ഞിരുന്നു. എങ്കിലും ഈ 'ഇരുമ്പുമറ സംസ്കാരം' ആയിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ കെട്ടുറപ്പ്. ആ കെട്ടുറപ്പെല്ലാം തകർന്നു തരിപ്പണമായി.**

സിപിഐ(എം)ൽ 'രണ്ടുപക്ഷം' പ്രവർത്തനം ജന്മസിദ്ധമാണ്. രൂപീകരണം തൊട്ടുള്ള സംഭവങ്ങളോരോന്നും വിലയിരുത്തിയാൽ ഇരുപക്ഷത്തെയും കാണാൻ കഴിയും. വ്യക്തികൾ തമ്മിലായിരുന്നില്ല ഏറ്റുമുട്ടലുകൾ. പ്രത്യയശാസ്ത്രപരമായിരുന്നു. അതിന്റെ പേരിൽ വിഘടിച്ച് ഇന്ത്യയിൽ നൂറിൽ അധികം കമ്യൂണിസ്റ്റു ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ തന്നെ സിപിഐ(എം), സി.പി.ഐ, സി.എം.പി, ജെ.എസ്.എസ്, നക്സലൈറ്റ് വിഭാഗങ്ങൾ എന്നിവ ഉദാഹരണങ്ങൾ.



ഏ.കെ. ഗോപാലൻ

കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് വേരോട്ടം ഉണ്ടായ സംസ്ഥാനങ്ങളിലെല്ലാം കമ്യൂണിസ്റ്റ് ഗ്രൂപ്പുകൾ വേറിട്ട സംഘടനയായി പ്രവർത്തിക്കുന്നു. ഒട്ടുമിക്ക ഗ്രൂപ്പുകളും പാർലമെണ്ടറി ജനാധിപത്യവ്യവസ്ഥയുമായി ചേർന്ന് തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാറുണ്ട്. മാറിനിന്നിരുന്ന നക്സലൈറ്റുകളും ഇപ്പോൾ ബഹുഭൂരിപക്ഷവും തിര



ഇ.എം.എസ്സ്

ഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കാളികളായി തുടങ്ങി.

ഒന്നായിരുന്ന പാർട്ടിയിൽ രൂപം കൊണ്ടിട്ടുള്ള "വിഭാഗീയതകളിൽ" വ്യക്തികൾ തമ്മിലുള്ള തർക്കമോ എതിർപ്പോ മൂലം രൂപം പ്രാപിച്ചവയാണ് ഏറെയും. പാർട്ടി നേതൃത്വത്തിൽ എത്തുന്നവരുടെ താൻപ്രമാണിത്തശൈലിയും നേതൃത്വപരമായ അടിച്ചമർത്തൽ രീതിയും രൂപപ്പെടുത്തുന്ന പ്രതിഷേധം പലപ്പോഴും പൊട്ടിത്തെറിയിലോ പുറത്താക്കലിലോ ചെന്നെത്താറുണ്ട്. വിഘടിച്ചു നിന്നവരിലോ, പുറത്തുപോകേണ്ടി വന്നവരിലോ രാഷ്ട്രീയം ഉപേക്ഷിച്ചവർ വളരെ കുറച്ചുപേർ മാത്രം. പോരാട്ടം കമ്യൂണിസ്റ്റ് മനസ്സിന്റെ പ്രത്യേകതയാണല്ലോ. അതുകൊണ്ടു തന്നെ ഉള്ളവർ തങ്ങളുടെ നില



കെ.ആർ. ഗൗരി



സോമനാഥ് ചാറ്റർജി

പാടുകളുമായി ജനമധ്യത്തിൽ ഉണ്ടാകും. ജനപിന്തുണ ഇക്കൂട്ടർക്ക് ഒരു അളവുകോലല്ല.

>> 2

**കർഷകരുടെ ശബ്ദം പാർലമെണ്ടിൽ മുഴങ്ങുന്നു**

# പലിശനിരക്ക് കുറയ്ക്കണം കർഷകർക്കാശ്വാസം നല്കണം

**ജോസ് കെ. മാണി എം.പി**

*(ബജറ്റു ചർച്ചയിൽ പങ്കെടുത്തുകൊണ്ടു ജോസ് കെ. മാണി പാർലമെണ്ടിൽ ചെയ്ത പ്രസംഗം)*



**നമ്മുടെ സമൂഹത്തിലെ അധ്വാനിക്കുന്ന ജനവിഭാഗം എന്നും കടക്കെണിയിൽ പെടുന്നതിന്റെ ഒരു പ്രധാനകാരണം കാർഷികവായ്പകളുടെ ഉയർന്ന പലിശനിരക്കാണ്. പലിശനിരക്ക് ഒരു ശതമാനം വെട്ടിക്കുറച്ചിട്ടും അതിപ്പോഴും കർഷകർക്ക് താങ്ങാനാവാത്ത ആറുശതമാനത്തിൽ തുടരുകയാണ്. കാർഷിക വായ്പകൾക്ക് ഇത്രയും ഉയർന്ന നിരക്ക് പാടില്ല. അതുകൊണ്ട് എനിക്കു നിർദേശിക്കാനുള്ളത് നാലുശതമാനം നിരക്കിലേക്ക് പലിശനിരക്ക് താഴ്ത്തി കർഷകസംരക്ഷണം ഉറപ്പാക്കണമെന്നാണ്.**

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. പ്രണബ് മുഖർജി അവതരിപ്പിച്ച ബജറ്റ്, ഡോ. മൻമോഹൻ സിംഗിന്റെയും സോണിയാജിയുടെയും നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെണ്ടിൽ ഇന്ത്യൻ ജനതയർപ്പിച്ച പ്രതീക്ഷകൾ നിറവേറ്റുന്നതാണെന്ന് പറയാൻ എനിക്കു വളരെ സന്തോഷമുണ്ട്.

രാഷ്ട്രപുരോഗതിക്കു വേണ്ടി സുനിശ്ചിതമായ ചില തീരുമാനങ്ങൾ എടുക്കേണ്ടുന്ന കാലഘട്ടമാണിത്. നമ്മൾ തീരുമാനിക്കേണ്ടത് ഭാവിയുടെ പ്രത്യാഘാതങ്ങളെ അനുഭവിക്കുകയാണോ അതല്ല നമ്മുടെ സാമ്പത്തികനയങ്ങൾ കാലോചിതമായി നിർവചിച്ചുകൊണ്ട് ഭാവിയെ നമ്മുടെ വരുതിക്കു നിർത്തുകയാണോ എന്നതാണ്. ഇക്കാര്യത്തിൽ രണ്ടാമത്തെ വഴി തെരഞ്ഞെടുത്തുകൊണ്ട് ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ ഈ കാലഘട്ടത്തിലും ഇന്ത്യയെ ഒരു വികസനകുതിപ്പിന് തയ്യാറാക്കുകയാണ് ധനകാര്യമന്ത്രി ചെയ്തിരിക്കുന്നത്.

>> 3


*അനുസ്മരണം*



ഇഗ്നേഷ്യസ് ലെയോള (1491 – 1555) 14

*മുഖപ്രസംഗം*
രാമായണമാസവും ഇതിഹാസ വിശുദ്ധിയും 2

*രാഷ്ട്രീയ കേരളം*
വെട്ടിയത് വിഎസിനെ; വെട്ടേറ്റത് പാർട്ടിക്ക്
സാബു ജോൺ 4

*കാഴ്ചവട്ടം* 5
കള്ളുകുടിക്കും പെണ്ണുങ്ങൾ...
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

*മനസ്സറിയുക ശരീരവും*
മദ്യവും കുടുംബശൈഥില്യവും കുട്ടികളുടെ ഭാവി ഇരുളടയ്ക്കുന്നു
ഡോ.(സി.) ഷാലു കോയിക്കര 6

*ചുവരെഴുത്തുകൾ*
വിഷം ചീറ്റുന്ന ശാസനയുടെ അർത്ഥശാസ്ത്രവും രസതന്ത്രവും
ശ്വേതകേതു 7

*ഫ്ളാഷ്ബാക്ക്*
ലാസ്റ്റ് ക്ലിക്ക്!
തേക്കിൻകാട് ജോസഫ് 8

*ഇതാണുനിയമം*
സ്വവർഗരതി നിയമവിധേയമാകുമ്പോൾ
അഡ്വ. ചാർളി പോൾ 9

*ചരിത്രം*
കേരള ചരിത്രരചനയ്ക്ക് ഒരാമുഖം
ഡോ. വെളുത്താട്ട് കേശവൻ 12

*പുനരാഖ്യാനം*
മഹാഭാരതം
സവ്യസാചി 15

*ജർമൻ ഡയറി*
മാർസെൽ റൈഷ് റനിറ്റ്സ്കി ജർമൻ സാഹിത്യത്തിന് ഒരു പോപ്പ്
ജോർജ് കുറ്റിക്കാട്ട് 17

*വിദേശകാഴ്ച*
ക്രെംലിൻ ആഹ്വാനം ചരിത്രത്തിൽ ഇടം നേടുമോ?
പ്രിൻസ് രാജ് 20

മറ്റു പംക്തികളും


CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക
വാല്യം 2 ലക്കം 45
29 ജൂലൈ 2009
ചീഫ് എഡിറ്റർ: പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*വ്യക്തികൾക്കു മരണമുണ്ട്.*
*മഹത്തായ ഗ്രന്ഥങ്ങൾക്കു മരണമില്ല* - *റൂസ്‌വെൽറ്റ്*

# രാമായണ മാസവും ഇതിഹാസവിശുദ്ധിയും

**കേ**രളത്തിനു കർക്കിടകം രാമായണമാസമാണ്. മുമ്പൊക്കെ കള്ളക്കർക്കിടകം, പഞ്ഞക്കർക്കിടകം എന്നൊക്കെ ആക്ഷേപിക്കപ്പെട്ടിരുന്ന നാളുകളാണിത്. നമ്മുടെ വർഷകാലത്ത് എറ്റവുമധികം മഴപെയ്യുകയും കാറ്റും വെള്ളപ്പൊക്കവും അനന്തരഫലമായ പട്ടിണിയും പകർച്ചവ്യാധികളും എല്ലാംകൂടി കേരളഭൂമിയെ കണ്ണീരിലാഴ്ത്തുകയും ചെയ്തിരുന്നതു കർക്കിടകത്തിലായിരുന്നതു കൊണ്ടാണ് ആ മാസത്തിന് ഇങ്ങനെയൊരു പേരുദോഷം വന്നുപോയത്.

ഇന്നു കാലം മാറി. മഴക്കാലകെടുതികളെ നേരിടാനും ജനജീവിതത്തിലെ ദുരിതങ്ങൾക്കു ക്ഷിപ്രപരിഹാരം കണ്ടെത്താനും നമുക്കു സംവിധാനമുണ്ട്. അതോടൊപ്പം മനുഷ്യമനസ്സിനെ വിശുദ്ധീകരിക്കുന്ന രാമായണകഥയുടെ ആലാപനം കൂടിയായപ്പോൾ കർക്കിടകം ഐശ്വര്യത്തിന്റെ നാളുകൾ സൃഷ്ടിക്കുന്ന മാസമായി മാറിയിരിക്കുന്നു.

എന്താണു രാമായണമാസാചരണത്തിന്റെ പ്രസക്തി? ആദികാവ്യം, ആദിമ ഇതിഹാസം എന്നൊക്കെ ഭാരതീയർ ആദരിക്കുന്ന വിശുദ്ധഗ്രന്ഥമാണു രാമായണം. മാനസാന്തരപ്പെട്ടു മഹാത്മാവായിത്തീർന്ന ഒരു ജീനിയസ്സിന്റെ, വാല്മീകിയുടെ കൈകളാണ് ആ ഇതിഹാസം മെനഞ്ഞത്. അഫ്ഗാനിസ്ഥാൻ മുതൽ ഇന്തൊനേഷ്യ വരെയുള്ള മധ്യേഷ്യയിലാകെ ഒരുകാലത്തു രാമായണകഥ പ്രചാരത്തിലുണ്ടായിരുന്നത്രെ. തിന്മയ്ക്കെതിരെ നന്മ നേടിയ ആത്യന്തിക വിജയത്തിന്റെ മാതൃകാപാഠങ്ങളാണ് ഇതിഹാസകഥ ഉള്ളടക്കുന്നത്. അതിന്റെ വായനയും ശ്രവണവും ആത്മ വിശുദ്ധീകരണത്തിനും ഐശ്വര്യലബ്ധിക്കും സഹായകമാണെന്ന് പ്രാചീനകാലം മുതലേ ജനങ്ങൾ വിശ്വസിച്ചുപോന്നു.

എന്താണു രാമായണ സന്ദേശം? 'രാമൻ തുടങ്ങിയവരെപ്പോലെ പ്രവർത്തിക്കണം. രാവണൻ തുടങ്ങിയവരെപ്പോലെ പ്രവർത്തിക്കരുത്'. ആചാര്യന്മാർ ഇതാണു നമുക്കു പറഞ്ഞുതരുന്നത്. ഒരു നല്ല രാജാവ്, നല്ല മകൻ, നല്ല ഭർത്താവ്, നല്ല സഹോദരൻ, നന്മനിറഞ്ഞ മനുഷ്യൻ എങ്ങനെയായിരിക്കണമെന്നു മാതൃക നല്കുകയാണു ശ്രീരാമൻ.

മതവിശ്വാസികൾ അദ്ദേഹത്തെ വിഷ്ണുവിന്റെ അവതാരമായി കരുതുന്നു. സമസ്ത തിന്മകളുടെയും എക്കാലത്തെയും അധ്യഷ്യപ്രതീകമായ രാവണനെ നിഗ്രഹിച്ച് ഭൂമിയിൽ ധർമം പുനഃസ്ഥാപിക്കാനും ധാർമികരെ സംരക്ഷിക്കാനുമായി അവതാരമെടുത്ത പുണ്യപുരുഷൻ. ദശാവതാരങ്ങളിൽ ഏഴാമത്തേത്.

കോസലരാജാവ് ദശരഥനു മൂന്നു ഭാര്യമാർ. കൗസല്യ, കൈകേയി, സുമിത്ര. കൗസല്യയുടെ പുത്രൻ ശ്രീരാമൻ, കൈകേയിക്കു ഭരതനും സുമിത്രയ്ക്കു ലക്ഷ്മണ ശത്രുഘ്നന്മാരും പുത്രന്മാർ. ആദ്യപുത്രൻ ശ്രീരാമൻ കിരീടാവകാശി. പക്ഷേ, കൈകേയിക്കു ദശരഥൻ നല്കിയിരുന്ന രണ്ടുവരങ്ങൾ, മന്ഥരയെന്ന തോഴിയുടെ പ്രേരണയ്ക്കു വഴങ്ങി അഭിഷേകഘട്ടത്തിൽ അവൾ ആവശ്യപ്പെട്ടപ്പോൾ ഭരതനു രാജസ്ഥാനവും രാമനു പതിന്നാലുവർഷത്തെ വനവാസവും! രാമന് ഒരു കുലുക്കവും ഉണ്ടായില്ല. അദ്ദേഹം മരവുരി ധരിച്ചു വനത്തിലേക്കു പോയി. പിന്നാലെ ഭാര്യ സീതയും സഹോദരൻ ലക്ഷ്മണനും.

പുത്രവിയോഗദുഃഖം സഹിക്കാനാവാതെ ദശരഥൻ മരണമടഞ്ഞു. അയോധ്യയിൽ ഇല്ലാതിരുന്ന ഭരതൻ കേകയരാജ്യത്തു നിന്നു മടങ്ങിയെത്തിയപ്പോൾ, ഭാഗ്യമായല്ലൊ എന്നു കരുതി കിരീടം വാങ്ങി ശിരസ്സിൽ വയ്ക്കുകയല്ല, ജ്യേഷ്ഠനോട് അധർമം പ്രവർത്തിച്ചവരെ നിഗ്രഹിക്കാൻ വാളൂരുകയാണ് ചെയ്തത്! ആരുടെയും സാന്ത്വനത്തിന് ആ അനുജൻ വഴങ്ങിയില്ല. വനത്തിൽ പോയി രാമനെ തിരികെക്കൊണ്ടുവരാൻ ശ്രമിച്ചു. പരാജയപ്പെട്ടപ്പോൾ ജ്യേഷ്ഠന്റെ ചെരുപ്പുകൾ വാങ്ങി ശിരസ്സിലേറ്റി രാജനഗരിയിലേക്കു മടങ്ങി. സിംഹാസനത്തിൽ രാമപാദുകങ്ങൾ പ്രതിഷ്ഠിച്ചുകൊണ്ടു രാജ്യം ഭരിച്ചു. വനവാസവും രാവണനിഗ്രഹവും കഴിഞ്ഞു മടങ്ങിയെത്തിയ ജ്യേഷ്ഠന്, താനൊരിക്കലും ഇരുന്നിട്ടില്ലാത്ത ആ സിംഹാസനം ചാരിതാർത്ഥ്യത്തോടെ കൈമാറുകയും ചെയ്തു.

അധികാരത്തിലേക്കുള്ള വഴികളിൽ പിതൃപുത്രബന്ധമോ സാഹോദര്യമോ സൗഹൃദമോ ഒന്നും പ്രതിബന്ധമാകാൻ സമ്മതിക്കില്ലെന്നതാണു നമുക്കു ലഭിച്ചിരിക്കുന്ന രാജനീതിയുടെ ചരിത്രപാഠങ്ങൾ. പക്ഷേ, അതിന്റെ ഇതിഹാസപാഠം അമ്പേ വ്യത്യസ്തമാണ്. ജ്യേഷ്ഠന് അവകാശപ്പെട്ട സിംഹാസനം മനസ്സുകൊണ്ടുപോലും ആഗ്രഹിക്കാത്ത മൂന്നനുജന്മാരെയാണു വാല്മീകി മഹർഷി അവതരിപ്പിക്കുന്നത്. ലക്ഷ്മണനാകട്ടെ ജ്യേഷ്ഠനോടും ജ്യേഷ്ഠപത്നിയോടുമൊപ്പം, അവരെ ശുശ്രൂഷിക്കാൻ മാത്രമായി വനത്തിലേക്കു പോവുകയും ചെയ്തു.

സീതാരാമന്മാരെ പിന്തുടർന്നു യാത്രയ്ക്കൊരുങ്ങി നിന്ന ലക്ഷ്മണന് അമ്മ സുമിത്ര നല്കിയ ഉപദേശം കുടുംബജീവിതത്തിന്റെ ലോകോത്തരപാഠം: "രാമനെ ദശരഥനെപ്പോലെയും സീതയെ എന്നെപ്പോലെയും കരുതുക. കാട് അയോധ്യയാണെന്നും വിചാരിക്കുക. മകനേ, സുഖമായി പോയ്‌വരിക."

സൗഭാഗ്യവഴികളിൽ മടങ്ങിയെത്തിയപ്പോഴും ശ്രീരാമൻ ധർമബോധം തെല്ലും വെടിഞ്ഞില്ല. അവരുടെ സാഹോദര്യം എള്ളിട ഉലഞ്ഞില്ല. കൈകേയിയമ്മയോടു യാതൊരനിഷ്ടവും പ്രകടിപ്പിച്ചില്ല. ലങ്കയിൽ രാവണന്റെ തടവിൽ കഴിഞ്ഞ സീതയെ രാജപത്നിയായി സ്വീകരിച്ചതിനെച്ചൊല്ലി ജനങ്ങൾ അപവാദം പറയുന്നു എന്നറിഞ്ഞപ്പോൾ ഒരു മടിയുമില്ലാതെ ഭാര്യയെ പരിത്യജിച്ചു. ഏകപത്നീവ്രതം കർശനമായി പാലിച്ച അദ്ദേഹം പകരം മറ്റൊരു സ്ത്രീയെ ഭാര്യയായി സ്വീകരിച്ചതുമില്ല. അശ്വമേധത്തിനു ഭാര്യാസാന്നിധ്യം വിധിപ്രകാരം നിർബന്ധമാണെന്നു വന്നപ്പോൾ സീതയുടെ പ്രതിമയുണ്ടാക്കി വച്ചു യാഗകർമങ്ങൾ പൂർത്തിയാക്കി.

**ആപത്തുകാലത്തു ദുഃഖങ്ങൾ പങ്കുവച്ച സീതയെ സമ്പത്തുകാലത്തു കൈവെടിഞ്ഞ് ശ്രീരാമൻ സഹിച്ച വിരഹദുഃഖത്തിന്റെ ആഴം ആർക്കാണ് അളന്നുവയ്ക്കാൻ കഴിയുക? രാജ്യം നഷ്ടപ്പെട്ടപ്പോൾ കലഹമുണ്ടാക്കിയില്ല. വനവാസം സസന്തോഷം വരിച്ചു. അച്ഛനെ പഴിച്ചില്ല. കൈകേയിയെ ആക്ഷേപിച്ചില്ല. ആരെയും കുറ്റപ്പെടുത്തിയില്ല. വരുന്നതെല്ലാം നന്മയ്ക്കെന്നു കരുതി, ഈശ്വരനിശ്ചയമെന്നു കരുതി യാതൊരു മനശ്ചാഞ്ചല്യവുമില്ലാതെ സ്വീകരിച്ചു. അതാണു രാമൻ. ആ രാമന്റെ അയന (ജീവിതയാത്ര) മാണു രാമായണം. അതു പവിത്രമാണ്. വായിക്കുന്നവരെയും വായിച്ചുകേൾക്കുന്നവരെയും നാടിനെയും നാട്ടാരെയും അതു പവിത്രീകരിക്കുന്നു.**

പക്ഷേ, ഇതിനിടയിലും നമുക്കൊരു ദുഃഖമുണ്ട്. മതമില്ലാത്ത ജീവന്റെ ആരാധകരാണു നാടുവാഴുന്നത്. അവർ കർക്കിടകത്തെപ്പറ്റിയുള്ള പരമ്പരാഗത ധാരണകൾ നാട്ടിൽ പ്രായോഗികമാക്കിക്കൊണ്ടിരിക്കുകയാണ്! അവരെയുംകൂടി രാമായണാലാപനം വിശുദ്ധീകരിക്കുമെന്നു പ്രതീക്ഷിക്കാം.

കർക്കിടകം എന്ന വാക്കിനു ഞണ്ടെന്നർത്ഥം. ഞണ്ടിന്റെ ഇറുക്കുകാലുകൾ പ്രസിദ്ധം. ആ കാലിൽ കുടുങ്ങിയാൽ ഇരയുടെ കഥകഴിഞ്ഞതു തന്നെ. കർക്കിടകത്തിന്റെ ഇറുക്കുകാലുകളിലല്ലേ ഇന്നു കേരളജനതയും? ഇറുക്കുന്നവരെയും ഇറുക്കപ്പെടുന്നവരെയും രാമായണ കഥ ആശ്വസിപ്പിക്കട്ടെ.

# സിപിഎം പോളിറ്റ് ബ്യൂറോയും അഴുക്കിൽ കൈകുത്തിയ വാനരനും

1 >>

കമ്യൂണിസ്റ്റ് പാർട്ടിയിൽ ഉണ്ടാകുന്ന ചേരിതിരിവുകൾ ആരംഭത്തിൽ വ്യക്തിപരമാണെങ്കിലും അതിന് കാലക്രമേണ നയത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും മുഖം നല്കാറുണ്ട്. അല്ലെങ്കിൽ നിലനില്പില്ലെന്ന് അവർക്കറിയാം.

ഇതൊക്കെ ആണെങ്കിലും തികച്ചും പ്രത്യയശാസ്ത്രനിലപാടുകളിൽ മാത്രം തീരുമാനങ്ങൾ എടുക്കുന്നവരും ഒട്ടും കുറവല്ല. സ്ഥാനമാനങ്ങളോ രാഷ്ട്രീയ ഭാവിയോ ഒന്നും നോക്കാതെ വ്യക്തമായ പ്രത്യയശാസ്ത്രപ്രതിബദ്ധത കാണിക്കുന്നവരും ധാരാളമുണ്ട്. അങ്ങനെയുള്ളവർ എഴുതിയും സംവാദങ്ങളിൽ ഏർപ്പെട്ടും സിമ്പോസിയങ്ങൾ സംഘടിപ്പിച്ചും തങ്ങളുടെ നിലപാടുകൾ ജനങ്ങളിൽ എത്തിക്കാറുമുണ്ട്.


എം.വി. രാഘവൻ

വി.പി. വാസുദേവൻ എന്നിവർ "നാലാം ലോക" വിവാദമുയർത്തിയവർ. ദേശീയ തലത്തിൽ എം.എൻ. റോയി മുതൽ സോമനാഥ് ചാറ്റർജിവരെ. പക്ഷേ ഇതുകൊണ്ടൊന്നും പാർട്ടി കുലുങ്ങിയില്ല. ആരും കുലുക്കിയുമില്ല. ഇപ്പോഴോ, പാർട്ടി അടിമുടി കുലുങ്ങുന്നു. പോളിറ്റ്ബ്യൂറോ തീരുമാനത്തിനെതിരെ പ്രകടനങ്ങൾ, എതിർ പ്രകടനങ്ങൾ, കൊടികെട്ടിയ വടി തിരിച്ച് പിടിച്ച് കൊടി പിടിച്ചവനെ അടിക്കുന്ന ചിത്രം പത്രത്താളുകളിലും ദൃശ്യമാധ്യമങ്ങളിലും പ്രത്യക്ഷപ്പെടുന്നു. കൊടി തിരിച്ചുപിടിച്ച് അടിക്കുമ്പോൾ ചെങ്കൊടി നിലം പറ്റുന്നു. പാവം ചില സഖാക്കൾ പിറുപിറുക്കുന്നു– "വെയ്യെടാ കൂട്ടരേ ചെങ്കൊടി താഴെ". ഇരുകൂട്ടർക്കും ഇത് പിടിക്കാൻ അർഹതയില്ലെന്നാണ് അവരുടെ മുറുമുറുപ്പ്.

ഇങ്ങനെയൊക്കെ സംഭവിച്ചപ്പോഴെല്ലാം എടുത്ത നടപടികൾ, അതിന് സ്വീകരിച്ച അവരുടെ സംഘടനാരീതികൾ എല്ലാംതന്നെ, പുറമേനിന്ന് വിലയിരുത്തുന്നവർക്കും ലക്ഷക്കണക്കായ പാർട്ടി മെമ്പർമാർക്കും അനുഭാവികൾക്കും തൃപ്തികരമായിരുന്നു എന്നു കാണാം. ആരു തെറ്റ് ചെയ്താലും, അത് എത്രവലിയ സ്ഥാനത്തു ഇരിക്കുന്നവരായാലും ഉൾപ്പാർട്ടി ചർച്ചയുടെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിൽ വരുത്തുകയും നടപടിക്ക് വിധേയരാകുന്നവർ അവ അനുസരിക്കുകയും ചെയ്യുമായിരുന്നു. ഈ രീതി വളരെ അഭിമാനകരം എന്ന നിലയിൽ പാർട്ടി പ്രവർത്തകർ പറയുന്നത് കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇ.എം.എസ്സും ഏ.കെ.ജിയും പോലും പാർട്ടിശിക്ഷണനടപടിക്ക് വിധേയമായിട്ടുണ്ട്. അന്നൊന്നും അക്കാര്യങ്ങൾ അങ്ങാടിപ്പാട്ടായിട്ടില്ല. ഒരു ചിട്ടയും വ്യവസ്ഥയും അവരുടേതായ രീതിയിൽ ഉണ്ടായിരുന്നു. ഇരുമ്പുമറയെന്നൊക്കെ എതിർക്കുന്നവർ പറഞ്ഞിരുന്നു. എങ്കിലും ഈ 'ഇരുമ്പുമറ സംസ്കാരം' ആയിരുന്നു കമ്യൂണിസ്റ്റ് പാർട്ടികളുടെ കെട്ടുറപ്പ്. ആ കെട്ടുറപ്പെല്ലാം തകർന്നു തരിപ്പണമായി. വികലമായ സംഘടനാരീതി, സിപിഐ(എം)നെ ഇന്നു തകർച്ചയുടെ വക്കിലെത്തിച്ചിരിക്കുന്നു. അച്ചടക്കനടപടികളും പുറത്താക്കലുകളും ഈ പാർട്ടിക്ക് പുത്തരിയല്ല. എന്നാൽ ഇന്നത്തെ അവസ്ഥ ഈ പാർട്ടിക്ക് ഒരിക്കലും ഉണ്ടായിട്ടില്ല.


എം.എൻ. റോയി

ഈ അവസ്ഥയ്ക്ക് കാരണമെന്താണ്. അച്യുതാനന്ദനും വിജയനുമാണോ? ആരാണ് അച്യുതാനന്ദനെയും വിജയനെയും ഈ അവസ്ഥയിലാക്കിയത്?

സാക്ഷാൽ പോളിറ്റ് ബ്യൂറോ തീരുമാനമെടുത്തു–വി.എസ്സിനെ മുഖ്യമന്ത്രിസ്ഥാനത്ത് തുടരാൻ അനുവദിച്ചും പോളിറ്റ് ബ്യൂറോയിൽ നിന്ന് പുറത്താക്കിയും . വിജയനു യാതൊരു പരുക്കുമില്ല. രണ്ടുപേർക്കും ഒരേ ഉപദേശം: എല്ലാവരെയും ഒരുമിപ്പിച്ചു കൊണ്ടുപോകണം! ഈ തീരുമാനത്തിന്റെ പ്രതിഫലനമാണ് മേൽ സൂചിപ്പിച്ച പ്രകടനങ്ങളും അടിയും തിരിച്ചടിയും. ലക്ഷക്കണക്കിന് പാർട്ടി മെമ്പർമാരിൽ വളരെ ചുരുക്കംപേരെ പ്രകടനം നടത്തിയിട്ടുള്ളു എന്ന് ഔദ്യോഗികനേതൃത്വത്തിന് ആശ്വസിക്കാം. പ്രകടനം നടത്തിയവരെ എതിർക്കാൻ ചുരുക്കം ചില സ്ഥലങ്ങളിലേ ആളുകൾ ഉണ്ടായിട്ടുള്ളു എന്നത് വിശകലന വിധേയവുമാക്കാം. ഒരു കാര്യം വ്യക്തം. പാർട്ടി അനുഭാവികളും ബഹുഭൂരിപക്ഷം പ്രവർത്തകരും നിസ്സംഗരാണ്.


എ.പി. അബ്ദുള്ളക്കുട്ടി

1964ൽ സിപിഐയും സിപിഐ(എം) ഉം രണ്ടായി പിരിഞ്ഞപ്പോൾ നേതാക്കളെല്ലാം സിപിഐക്കൊപ്പവും അണികൾ സി.പി.ഐ(എം)ന് ഒപ്പവും ആയിരുന്നു. കേരളത്തിൽ കെ.പി.ആർ ഗോപാലൻ, ഏ.വി. ആര്യൻ, കോസല രാമദാസ്, എം.കെ. കണ്ണൻ, എം.വി. രാഘവൻ, ചാത്തുണ്ണി മാസ്റ്റർ, പി.വി. കുഞ്ഞിക്കണ്ണൻ, പുത്തലത്ത് നാരായണൻ, സി.കെ. ചക്രപാണി, സി.പി. മൂസ്സാൻകുട്ടി, സി. വാസുദേവമേനോൻ, പാട്യം രാജൻ, കെ.ആർ. ഗൗരിയമ്മ, ടി.ജെ. ആഞ്ചലോസ്, ഒ. ഭരതൻ, എ.പി. അബ്ദുള്ളക്കുട്ടി തുടങ്ങി പുറത്താക്കലിന്റെ രുചിയറിഞ്ഞവർ നിരവധിയാണ്. ഇവരിൽ പലരും തലമുതിർന്ന നേതാക്കൾ. ചിലർ എം.എൽ.എമാർ. ചിലർ എം.പിമാർ. ഇതുപോലെ പാർട്ടിയിലെ ഒട്ടേറെ ഫ്രാക്ഷൻ നേതാക്കളെയും പുറത്താക്കിയിട്ടുണ്ട്. എം.പി. പരമേശ്വരൻ ഡോ. ബി. ഇക്ബാൽ, ജോയ് ഇളമൺ, എം.എൻ. വിജയൻ, ഡോ. ആസാദ്, ഡോ.


എം.പി. പരമേശ്വരൻ

ഈ നിസ്സംഗതയ്ക്കു കാരണം കണ്ടെത്താനുള്ള അന്വേഷണത്തിൽ ഒരു കാര്യം വ്യക്തമാകും– ഇതിനെല്ലാം ഉത്തരവാദി പോളിറ്റ് ബ്യൂറോ ആണ്.

പാർട്ടി കേരളഘടകത്തിൽ പ്രശ്നങ്ങൾ ആരംഭിച്ചത് ഇന്നും ഇന്നലെയുമല്ലല്ലൊ. ഇടപെട്ട സന്ദർഭങ്ങളിലെല്ലാം രോഗത്തിന് ചികിത്സിക്കാൻ കഴിയാതെ പോളിറ്റ് ബ്യൂറോ പിന്നോട്ട് പോയില്ലേ? അല്ലെങ്കിൽ കേരള കാര്യത്തിൽ പി.ബിയുടെ നിഗമനം തെറ്റിയില്ലേ? സത്യത്തിൽ പാർട്ടിയുടെ കേരള ഘടകം വിഭാഗീയതയുടെ ഉത്പന്നമല്ലേ? പാലക്കാട്ട് തുടങ്ങി മലപ്പുറം വഴി കോട്ടയത്ത് എത്തിയപ്പോൾ വിഭാഗീയത നീങ്ങി എന്ന് പിണറായി പറഞ്ഞെങ്കിൽ അതിന്റെ അർത്ഥം കോട്ടയം സമ്മേളനത്തോടെ പിണറായിയെ അനുകൂലിക്കുന്നവർ മൃഗീയഭൂരിപക്ഷമായി എന്നുമാത്രമല്ലേ?

ഇഞ്ചോടിഞ്ച് പൊരുതി എല്ലാ അടവുകളും പ്രയോഗിച്ച് ചേരിമാറ്റി സംഘടന കൈപ്പിടിയിൽ ഒതുക്കിയ വിജയനെയും ഈ പോരാട്ടത്തിൽ ഗുരുതരമായ പരിക്കേറ്റ വിഎസ്സിനെയും ഒരുമിച്ച് കൊണ്ടുപോകാൻ പോളിറ്റ് ബ്യൂറോ ശ്രമിച്ചത്, 'കമ്യൂണിസ്റ്റ് സംഘടനാരീതിക്ക്' ചേരാത്ത നടപടിയായില്ലേ? ഒരിക്കലെങ്കിലും തന്റേടമായി തീരുമാനമെടുത്തിരുന്നെങ്കിൽ ഇത്രയും നാണംകെട്ട അവസ്ഥയിൽ പാർട്ടി എത്തുമായിരുന്നോ?

(തുടരും)

# പ്രതിച്ഛായ




**പ്രതിച്ഛായ വായനക്കാർക്ക് 2009ലെ തിരുവോണസമ്മാനം.**
**വായന ഗൗരവമായെടുക്കുന്ന സഹൃദയർക്ക്**
**വിലപ്പെട്ട സാംസ്കാരികോപഹാരം;**
**ഒപ്പം ഒരു റഫറൻസ് ഗ്രന്ഥവും**

✦ സി.എൽ. ജോസിന്റെ സമ്പൂർണ നാടകം
  – ***ചിറകുള്ള നക്ഷത്രം.***

✦ കെ. സുധാകരന്റെ പൂർണനോവൽ
  – ***ആദ്യരാത്രിക്ക് ആശംസകൾ***

✦ കുര്യാസിന്റെ കാവ്യനാടകം
  – ***ദഹനബലി***

✦ ***പല സാംസ്കാരിക നായകരും അവസരവാദികളാണ്***



*– പ്രശസ്ത സാഹിത്യ സാംസ്കാരിക വിമർശകൻ ഡോ.വി. രാജകൃഷ്ണൻ തുറന്നടിക്കുന്നു*

ഡോ. ജോഷി വർഗീസും, ഡോ. ജോജി മാടപ്പാട്ടും രാജകൃഷ്ണനുമായി നടത്തുന്ന അഭിമുഖം

✦ സി. രാധാകൃഷ്ണൻ, കെ.എൽ. മോഹനവർമ, ബി.ഹരികുമാർ, സെബാസ്റ്റ്യൻ പള്ളിത്തോട്, കിളിരൂർ രാധാകൃഷ്ണൻ, തേക്കിൻകാട് ജോസഫ് തുടങ്ങിയവരുടെ കഥകൾ.

✦ പ്രൊഫ. എം.ജി.എസ്. നാരായണൻ, പ്രൊഫ.എം.ആർ. ചന്ദ്രശേഖരൻ, വേലായുധൻ പണിക്കശ്ശേരി, ഡോ. കെ. ബാബു ജോസഫ്, പി.സി. സിറിയക്, ഡോ. ഡി. ബഞ്ചമിൻ, സിപ്പി പള്ളിപ്പുറം തുടങ്ങിയവരുടെ ലേഖനങ്ങൾ.

✦ അക്കിത്തം, സുഗതകുമാരി, ഏഴാച്ചേരി രാമചന്ദ്രൻ, ജോർജ് തോമസ്, ചേരാവള്ളി ശശി, കെ.എസ്. റെക്സ് തുടങ്ങിയവരുടെ കവിതകൾ.

## പ്രമുഖ രാഷ്ട്രീയ ചലച്ചിത്ര സാംസ്കാരികനായകരുടെ മറക്കാനാവാത്ത അനുഭവങ്ങൾ



**നന്മ പ്രകാശിക്കുന്ന വിളക്കായി കല്യാണി**
*കെ. കരുണാകരൻ*



**കലാലയവർണങ്ങൾ**
*മമ്മൂട്ടി*



**മറക്കാനാവാത്ത അനുഭവം**
*കെ. എം. മാണി*



**എന്റെ കലാലയം സുവർണകാലം**
*ഉമ്മൻ ചാണ്ടി*



**എന്റെ ക്യൂൻമേരി യാത്ര**
*ലാലു അലക്സ്*



**സർ സിപിയും ഞാനും പിന്നെ മണിസ്വാമിയും**
*ജസ്റ്റിസ് കെ.ടി. തോമസ്*



**കോർട്ട് ഹാളിൽ മുനിസിഫിനെ ചിരിപ്പിച്ച ജൂനിയർ അഭിഭാഷകൻ**
*പി.കെ. നാരായണപണിക്കർ*



**സുന്ദരിയായ മാർഗരറ്റ് താച്ചർ**
*കെ.എം. മാത്യു*



**കേരളാ കോൺഗ്രസ് രൂപീകരണം ഒരോർമ**
*ആർ. ബാലകൃഷ്ണപിള്ള*



**തന്നെ ചമ്മിച്ച എ.കെ**
*കെ.വി. തോമസ്*



**എം.ജി. ആറും ഞാനും**
*അൽഫോൻസ് കണ്ണന്താനം*

*ഓർഗനൈസർമാർ വഴിയും നേരിട്ടും കോപ്പി മുൻകൂർ ബുക്കു ചെയ്യാവുന്നതാണ്. തപാലിൽ വേണ്ടവർ 60 രൂപ അയയ്ക്കുക.*

*ഫിനാൻസ് മാനേജർ*
*പ്രതിച്ഛായ, പാലസ് റോഡ്*
*കോട്ടയം – 1*

✦ **ന്യൂസ് ഡയറി**
2008 ജൂലൈ ഒന്നു മുതൽ 2009 ജൂൺ മുപ്പതുവരെയുള്ള പ്രധാനസംഭവങ്ങൾ.
കേരളം, ദേശീയം, വിദേശം എന്നീ മൂന്നു വിഭാഗങ്ങളിൽ

✦ പതിനഞ്ചാം ലോകസഭാതെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ

✦ ഡിമൈ 1/4 വലുപ്പം. മുന്നൂറോളം പേജ്.

✦ വില 50 രൂപ മാത്രം.

✦ 2009 ആഗസ്റ്റ് 15നു പ്രസിദ്ധീകരിക്കുന്നു.

# പലിശനിരക്ക് കുറയ്ക്കണം കർഷകർക്കാശ്വാസം നല്കണം

1 >>

നമ്മൾ തീർച്ചയായും ഓർമിക്കേണ്ട ഒരു കാര്യമുണ്ട്. ഈ ബജറ്റ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് ലോകം മുഴുവൻ, നമ്മളെക്കൂടി ബാധിച്ച, സാമ്പത്തിക പ്രതിസന്ധിയുടെ ദുർവഹമായ ഭാരം പേറുന്ന കാലഘട്ടത്തിലാണ്. ഒരു ബജറ്റിനെ വിലയിരുത്തുമ്പോൾ രാജ്യം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ നേരിടാൻ അതു തയ്യാറുണ്ടോ എന്നതാണ് ആദ്യം അന്വേഷിക്കേണ്ടത്. നമ്മുടെ ബഹു. ധനകാര്യമന്ത്രിപറയുന്നു, ഈ ബജറ്റിന്റെ മുഖ്യലക്ഷ്യം നമ്മുടെ സാമ്പത്തിക വളർച്ച 9 ശതമാനം എന്ന ഉയർന്ന വാർഷികനിരക്കിലേക്ക് തിരികെ എത്തിക്കുകയും, ഒപ്പം സമഗ്രവളർച്ചയും സന്തുലിതവികസനവും ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണെന്ന്.

ഇടക്കാല ബജറ്റിലെ വകയിരുത്തലിൽ നിന്ന് വ്യത്യസ്തമായി ഈ ബജറ്റിൽ പദ്ധതി വിഹിതം 61,000 കോടി ആയി ഉയർത്തിയിരിക്കുന്നത് തീർച്ചയായും സ്വാഗതാർഹമാണ്. ആകെ പദ്ധതിച്ചെലവിൽ 34 ശതമാനം വർധനവാണ് വന്നിരിക്കുന്നത്. ഇതു നമ്മുടെ സാമ്പത്തിക വളർച്ചയിൽ ശ്രദ്ധേയമായ ചലനങ്ങൾ ഉണ്ടാക്കും. അടിസ്ഥാന സൗകര്യവികസനത്തിൽ നടത്തുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം സാധാരണ ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുകയും അവരുടെ വരുമാനം വർധിപ്പിക്കുകയും ചെയ്യും. ആഗോളസാമ്പത്തികമാന്ദ്യത്തിന്റെ പ്രത്യാഘാതങ്ങളെ നേരിടാനുള്ള ഒരു സുരക്ഷാ സംവിധാനമാണിത്.

നമ്മുടെ കാർഷികവളർച്ച 1.6 ശതമാനത്തിലേക്ക് താണിരിക്കെ 6.7 ശതമാനം ജി.ഡി.പി വളർച്ച നിലനിർത്താൻ കഴിയുമെന്ന നമ്മുടെ ആത്മവിശ്വാസം ഒരു വിരോധാഭാസമായി തോന്നാം. നമുക്ക് വളരെ മെച്ചപ്പെട്ട ഒരു കാർഷിക വളർച്ച ഉറപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ സമഗ്രവികസനം എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കാനാവില്ല എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല.

ഇന്ത്യൻ ജനസംഖ്യയുടെ 70 ശതമാനം ഗ്രാമീണകർഷകരാണ്. ഇനി നമുക്ക് കൈവരിക്കാൻ കഴിയുന്ന വികസനത്തിന്റെ ഗുണഭോക്താക്കൾ തീർച്ചയായും ഗ്രാമവാസികളും അധഃസ്ഥിത വിഭാഗങ്ങളുമായിരിക്കണം. എങ്കിൽ മാത്രമേ നമ്മുടെ വികസനം സന്തുലിതവും നീതിപൂർവകവുമാകൂ. മുൻവർഷങ്ങളിലേതിൽ നിന്ന് 144 ശതമാനം വർധനവ് രേഖപ്പെടുത്തിക്കൊണ്ട് 39100 കോടി രൂപ തൊഴിലുറപ്പ് പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പ്രതിമാസം 25 കിലോ അരിയോ ഗോതമ്പോ മൂന്നു രൂപയ്ക്ക് നല്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നതും വിപ്ലവകരമാണ്; സമഗ്രവികസനം ത്വരിതപ്പെടുത്തുന്നതുമാണ്.

ഇത്തരത്തിലുള്ള നവീനവും ക്രിയാത്മകവുമായ പരിപാടികളുടെ പേരിൽ ധനകാര്യമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ സമൂഹത്തിലെ അധ്വാനിക്കുന്ന ജനവിഭാഗം എന്നും കടക്കെണിയിൽ പെടുന്നതിന്റെ ഒരു പ്രധാനകാരണം കാർഷികവായ്പകളുടെ ഉയർന്ന പലിശനിരക്കാണ്. പലിശനിരക്ക് ഒരു ശതമാനം വെട്ടിക്കുറച്ചിട്ടും അതിപ്പോഴും കർഷകർക്ക് താങ്ങാനാവാത്ത ആറുശതമാനത്തിൽ തുടരുകയാണ്. കാർഷിക വായ്പകൾക്ക് ഇത്രയും ഉയർന്ന നിരക്ക് പാടില്ല. അതുകൊണ്ട് എനിക്കു നിർദേശിക്കാനുള്ളത് നാലുശതമാനം നിരക്കിലേക്ക് പലിശനിരക്ക് താഴ്ത്തി കർഷക സംരക്ഷണം ഉറപ്പാക്കണമെന്നാണ്.

ബഹു.ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുന്ന മറ്റൊരു പ്രധാന കാര്യം, കാർഷികോത്പന്നങ്ങളുടെ വിലയിലുണ്ടാവുന്ന ഏറ്റക്കുറച്ചിലുകൾ നമ്മുടെ കർഷകരെ വല്ലാതെ ബാധിക്കുന്നു എന്നതാണ്. ഇതിനു പരിഹാരമായി കർഷകർക്ക് എപ്പോഴും അവരുടെ ഉത്പന്നങ്ങൾക്ക് ആശ്വാസവില ഉറപ്പാക്കുന്നതിനുള്ള ശാസ്ത്രീയ നടപടികൾ കേന്ദ്ര ഗവൺമെണ്ട് കൈക്കൊള്ളണം.

മറ്റൊരു പ്രധാന പ്രശ്നം എല്ലാവർഷവും വരൾച്ചമൂലമോ വെള്ളപ്പൊക്കം മൂലമോ നമ്മുടെ കർഷകസമൂഹത്തിനുണ്ടാകുന്ന താങ്ങാനാവാത്ത നഷ്ടമാണ്. നാഷണൽ കലാമിറ്റി കണ്ടിൻജൻസി ഫണ്ടിൽ നിന്ന് നല്കുന്ന നഷ്ടപരിഹാരം പലപ്പോഴും അവർക്കുണ്ടാകുന്ന യഥാർത്ഥ നഷ്ടം നികത്തുന്നതിന് പര്യാപ്തമല്ല. ഈ നഷ്ടം നികത്തുന്നതിന് ഇൻഷുറൻസ് കമ്പനികളുടെ സഹായം ഉറപ്പാക്കുകയാണ് വേണ്ടത്. ഇപ്പോൾ ചില പ്രത്യേക വിളകൾക്കു മാത്രമേ കാർഷിക ഇൻഷുറൻസ് സംരക്ഷണം ലഭിക്കുന്നുള്ളു. ഇതിനുപകരം എല്ലാ വിളകൾക്കും ഇൻഷുറൻസ് സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് ഇന്ത്യയിലെ മുഴുവൻ കർഷകരെയും പ്രകൃതിദുരന്തങ്ങളുടെ ആഘാതങ്ങളിൽ നിന്ന് രക്ഷിക്കേണ്ടിയിരിക്കുന്നു.

ഈ ബജറ്റ് വികസനത്തിന്റെ ബജറ്റാണ്. അതേസമയം തന്നെ ഒരു വെൽഫെയർ ബജറ്റുമാണ്. ഒരു ബജറ്റിന്റെ വിജയം അതിൽ പ്രഖ്യാപിച്ചിരിക്കുന്ന പരിപാടികളുടെ സമയബന്ധിതവും കുറ്റമറ്റതുമായ നടത്തിപ്പിലാണ്. ഇക്കാര്യത്തിനു ഗവൺമെണ്ട് പ്രത്യേക പരിഗണന നല്കും എന്നു പ്രതീക്ഷിക്കുന്നു.

രാഷ്ട്രീയ കേരളം

സാബു ജോൺ

# വെട്ടിയത് വിഎസിനെ; വെട്ടേറ്റത് പാർട്ടിക്ക്

സിപിഎമ്മിന്റെ ഔദ്യോഗികഭാഷ്യം വിശ്വസിക്കാമെങ്കിൽ കേരളത്തിൽ പാർട്ടിക്കുള്ളിലുണ്ടായിരുന്ന പ്രശ്നങ്ങളെല്ലാം അവസാനിച്ചു കഴിഞ്ഞു. വി.എസ് അച്യുതാനന്ദനെ പോളിറ്റ് ബ്യൂറോയിൽ നിന്ന് ഒഴിവാക്കി, കേന്ദ്രകമ്മിറ്റിയിലേക്കു തരംതാഴ്ത്തുക എന്ന ഒറ്റമൂലി പ്രയോഗത്തിലൂടെ വർഷങ്ങളായി പാർട്ടി സംസ്ഥാനഘടകത്തെ ഗ്രസിച്ചിരിക്കുന്ന വിഭാഗീയതയ്ക്കു ദേശീയ നേതൃത്വം പരിഹാരം കണ്ടിരിക്കുന്നതായി മനസ്സിലാക്കണം.

പാർട്ടിയുടെ പ്രശ്നപരിഹാര പ്രക്രിയ പൂർത്തിയാകുമ്പോൾ വേട്ടേറ്റത് വി.എസ്. അച്യുതാനന്ദനു മാത്രമാണ്. അതായത് പാർട്ടി നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കെല്ലാം കാരണക്കാരൻ വിഎസ് എന്ന ഒരേയൊരാൾ!

കേരളത്തിലെ സിപിഎം നേരിട്ടുകൊണ്ടിരിക്കുന്നത് അതിരൂക്ഷമായ പ്രശ്നങ്ങളാണെന്ന കാര്യത്തിൽ പാർട്ടിയിൽ വിശ്വസിക്കുന്ന സാധാരണക്കാർക്കു പോലും സംശയമുണ്ടാകില്ല. പാർട്ടി നേതാക്കൾ രണ്ടു ചേരിയായി നിന്ന് പരസ്പരം പോരുവിളിക്കുന്ന അവസ്ഥാവിശേഷം ഏതാനും വർഷങ്ങൾക്കു മുമ്പ് ആർക്കും ചിന്തിക്കാൻ സാധിക്കാത്തതാണ്. ഇത്രയും രൂക്ഷമായ പ്രശ്നങ്ങൾക്കു കാരണക്കാരൻ വി.എസ്. അച്യുതാനന്ദനാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പാർട്ടി നടത്തിയ തെറ്റുതിരുത്തൽ എന്തു ഫലമുണ്ടാക്കുമെന്നാണ് അറിയാനുള്ളത്.

പാർട്ടിക്കുള്ളിലെ പ്രശ്നങ്ങളും അതിന്റെ ഫലമായുണ്ടായ തെരഞ്ഞെടുപ്പു തോല്വിയുമാണ് പാർട്ടി കേന്ദ്രനേതൃത്വത്തിന്റെ സൂക്ഷ്മപരിശോധനയ്ക്കു വിധേയമായത്. ലാവ്ലിൻ പ്രശ്നവും പി.ഡി.പി ബന്ധവുമാണ് തെരഞ്ഞെടുപ്പു കാലത്ത് ഏറ്റവും കൂടുതൽ ചർച്ചാവിഷയമായ കാര്യങ്ങൾ. ഇതിൽ ലാവ്ലിൻ പ്രശ്നം തെരഞ്ഞെടുപ്പു ഫലത്തെ സ്വാധീനിച്ചെങ്കിലും അക്കാര്യത്തിൽ പിണറായി വിജയൻ കുറ്റക്കാരനല്ലെന്ന ഉറച്ച നിലപാടിലാണ് പാർട്ടി കേന്ദ്രനേതൃത്വം. ഇതു സംബന്ധിച്ച വിഎസിന്റെ പ്രസ്താവനകളും മാധ്യമങ്ങളുടെ കള്ളപ്രചാരണവുമാണ് പ്രശ്നമായതെന്നാണ് പാർട്ടിയുടെ സുചിന്തിതമായ നിലപാട്!

രാജ്യത്തെവിടെയും അഴിമതിയാരോപണങ്ങൾ ഉയരുമ്പോൾ കുറ്റാരോപിതരായവരുടെ രാജി ആവശ്യപ്പെട്ടുകൊണ്ട് ആദ്യം രംഗത്തു വരിക ഇടതുപാർട്ടികളാണ്. ഇനി മുതൽ സമാനമായൊരു സാഹചര്യമുണ്ടാകുമ്പോൾ പാർട്ടി എന്തു നിലപാടെടുക്കുമെന്നാണ് അറിയാനുള്ളത്. മാത്രമല്ല, പാർട്ടിക്കാരുടെ മേൽ ആരോപണമുയരുമ്പോൾ പാർട്ടി തന്നെ വിധിപ്രസ്താവം നടത്തുന്ന സമ്പ്രദായം സാധാരണക്കാർക്ക് എത്രമാത്രം സ്വീകാര്യമാകുമെന്ന് പാർട്ടി ചിന്തിച്ചിട്ടില്ലെന്നുണ്ടോ? കോൺഗ്രസുകാർക്കെതിരേ ആരോപണമുയരുമ്പോൾ കോൺഗ്രസ് പാർട്ടി അവരെ കുറ്റവിമുക്തമാക്കിയാൽ സിപിഎമ്മിനു സ്വീകാര്യമാകുമോ എന്നും അറിയേണ്ടതുണ്ട്.

**രാജ്യത്തെവിടെയും അഴിമതിയാരോപണങ്ങൾ ഉയരുമ്പോൾ കുറ്റാരോപിതരായവരുടെ രാജി ആവശ്യപ്പെട്ടുകൊണ്ട് ആദ്യം രംഗത്തു വരിക ഇടതുപാർട്ടികളാണ്. ഇനി മുതൽ സമാനമായൊരു സാഹചര്യമുണ്ടാകുമ്പോൾ പാർട്ടി എന്തു നിലപാടെടുക്കുമെന്നാണ് അറിയാനുള്ളത്. മാത്രമല്ല, പാർട്ടിക്കാരുടെ മേൽ ആരോപണമുയരുമ്പോൾ പാർട്ടി തന്നെ വിധിപ്രസ്താവം നടത്തുന്ന സമ്പ്രദായം സാധാരണക്കാർക്ക് എത്രമാത്രം സ്വീകാര്യമാകുമെന്ന് പാർട്ടി ചിന്തിച്ചിട്ടില്ലെന്നുണ്ടോ?**




ഏതായാലും ലാവ്ലിൻ കേസിൽ സിപിഎം സ്വീകരിച്ച നിലപാട് ഭാവിയിൽ അവർക്കു വിനയാകുമെന്ന കാര്യത്തിൽ തർക്കമില്ല. പാർട്ടിയുടെ ധാർമികശക്തി ചോർത്തിയ സംഭവമായായിരിക്കും ലാവ്ലിൻ ചരിത്രത്തിൽ കുറിക്കപ്പെടുക.

പി.ഡി.പി. ബന്ധത്തെ പാർട്ടി നേതൃത്വം അംഗീകരിച്ചതായി കാണുന്നില്ല. എന്നാൽ അതിനു മുൻകൈയെടുത്തവർക്കെതിരേ നടപടി എടുക്കേണ്ട കാര്യമുള്ളതായി പാർട്ടിക്കു തോന്നിയിട്ടില്ല. ന്യൂനപക്ഷസമുദായങ്ങൾ ഒറ്റക്കെട്ടായി പാർട്ടിക്കെതിരേ തിരിഞ്ഞതും അവരുടെ കനത്ത തോല്വിക്കു കാരണമായതായി അവർ തന്നെ വിലയിരുത്തിയിട്ടുണ്ട്. എന്നാൽ ന്യൂനപക്ഷങ്ങൾ പാർട്ടിക്കെതിരായത് എങ്ങനെയെന്ന് പാർട്ടി പരിശോധിച്ചതായി കാണുന്നില്ല.

ചുരുക്കത്തിൽ കേരളത്തിലെ പാർട്ടിയിൽ നാളുകളായി തുടരുന്ന വിഭാഗീയതയിൽ ഭൂരിപക്ഷവിഭാഗത്തിന്റെ പക്ഷം പിടിച്ചുകൊണ്ട് കേന്ദ്രനേതൃത്വവും നിലപാടെടുത്തതായാണ് മനസ്സിലാക്കേണ്ടത്. ദുർബലമായ വിഎസ് പക്ഷത്തെ വീണ്ടും ദുർബലമാക്കാൻ ഈ നടപടി സഹായിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ അതോടെ പാർട്ടി നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാം പരിഹാരമാകുമോ എന്നതാണ് ചോദ്യം.

ബംഗാളിലെ സിപിഎമ്മിന്റെ അവസ്ഥ പരിശോധിക്കുന്നത് കേരളത്തിലെ പാർട്ടിയുടെ പോക്ക് എങ്ങോട്ടെന്നു മനസിലാക്കാൻ സഹായകരമായിരിക്കും. കഴിഞ്ഞ പാർലമെണ്ട് തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി അവിടെ നിലംപരിശായി. തുടർന്ന് ഈയിടെ നടന്ന മുനിസിപ്പൽ തെരഞ്ഞെടുപ്പിലും മുന്നണി ഏറെക്കുറെ അപ്രസക്തമായ കാഴ്ചയാണുണ്ടായത്. രണ്ടു വർഷത്തിനകം നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ മൂന്നു പതിറ്റാണ്ടിലേറെ നീണ്ട ഇടതുഭരണത്തിന് ബംഗാളിൽ അടിതെറ്റുമെന്ന് ഏറെക്കുറെ ഉറപ്പായിക്കഴിഞ്ഞു.

മുപ്പതുവർഷത്തെ ഭരണം കൊണ്ട് ബംഗാളിലെ പാർട്ടി ഒരു ബൂർഷ്വാപാർട്ടിയുടെ എല്ലാ സ്വഭാവങ്ങളും കൈവരിച്ചു കഴിഞ്ഞു എന്നു മനസ്സിലാക്കാം. ഇടതുപാർട്ടികളുടെ അടിയുറച്ച പിന്തുണക്കാരായിരുന്ന കർഷകരും കർഷകത്തൊഴിലാളികളും പാവപ്പെട്ട മുസ്ലിം ന്യൂനപക്ഷങ്ങളുമെല്ലാം സ്വയരക്ഷയ്ക്കായി മാവോയിസ്റ്റുകളുടെ സഹായം തേടേണ്ട സ്ഥിതിയുണ്ടായെങ്കിൽ അതിനു സിപിഎമ്മിനു സ്വയം പഴിക്കാനേ കഴിയൂ.

കർഷകപ്രക്ഷോഭത്തിലൂടെയും, നാമമാത്രമായതാണെങ്കിലും ഭൂപരിഷ്കരണത്തിലൂടെയുമൊക്കെയാണ് ബംഗാളിൽ സിപിഎമ്മും ഇടതുപക്ഷവും വേരുറപ്പിച്ചത്. ഈ കർഷകരും കർഷകത്തൊഴിലാളികളും മറ്റുമായിരുന്നു പാർട്ടിയുടെ നട്ടെല്ല്. എന്നാൽ പാർട്ടി നേതൃത്വം അന്ധമായ വ്യവസായവത്കരണനയവുമായി മുന്നോട്ടു പോയപ്പോൾ പാർട്ടി അനുഭാവികളായ കർഷകർക്ക് സ്വന്തം കൃഷിഭൂമി രക്ഷിക്കുന്നതിനായി പാർട്ടിയെ ചെറുക്കേണ്ടി വന്നു. അവരെ പോലീസിനെയും പാർട്ടി കേഡറുകളെയും ഉപയോഗിച്ച് കൊന്നൊടുക്കാൻ പോലും പാർട്ടി നേതൃത്വത്തിന് ബുദ്ധിമുട്ടുണ്ടായില്ല.

ഇങ്ങനെ അടിസ്ഥാനവർഗത്തിൽ നിന്ന് പാർട്ടി നേതൃത്വം അകന്നു പോയതാണ് ബംഗാളിൽ അവരുടെ അടിവേരിളക്കിയത്. ഇന്ന് ബംഗാളിലെ പാർട്ടിയുടെ അടിത്തറ തകർന്നിരിക്കുകയാണ്.

കേരളത്തിലെ പാർട്ടിയുടെ അടിത്തറ തകർന്നുവെന്നു പറയാൻ കഴിയില്ല. എന്നാൽ പർട്ടിയുടെ പോക്ക് ആ വഴിക്കു തന്നെയാണെന്നു കാണാൻ കഴിയും. അതുകൊണ്ടാണല്ലോ ചെങ്ങറയിൽ സമരം ചെയ്യുന്ന ആദിവാസികളെയും പട്ടികജാതിക്കാരെയുമൊക്കെ ശത്രുപക്ഷത്തു നിർത്താൻ അവർക്കു കഴിയുന്നത്; സർക്കാർ സ്ഥലം ഏറ്റെടുത്തതിനേത്തുടർന്ന് വഴിയാധാരമായ മൂലമ്പള്ളിയിലെ പാവപ്പെട്ടവരെ പോലീസിനെ ഉപയോഗിച്ച് ബലം പ്രയോഗിച്ച് ക്രൂരമായി കുടിയൊഴിപ്പിക്കാൻ സാധിച്ചതും.

പരിപ്പുവടയും കടുംചായയും കഴിച്ച് പാർട്ടി പ്രവർത്തനം നടത്താൻ സാധിക്കില്ലെന്ന് ഒരു ഇടതുപാർട്ടിയുടെ നേതാവ് പരസ്യമായി പ്രസംഗിക്കുമ്പോൾ അവർ ആരുടെ പക്ഷത്തേക്കു ചായുന്നുവെന്നു മനസിലാക്കാൻ അധികം ബുദ്ധിമുട്ടേണ്ടതില്ല. ഫാരീസ് അബുബക്കർമാരും സാന്റിയാഗോ മാർട്ടിൻമാരും ബന്ധുക്കളും, ചെങ്ങറ സമരക്കാരും മൂലമ്പള്ളിയിലെ സാധാരണക്കാരും ശത്രുക്കളുമായി മാറുന്ന പാർട്ടിയെ സാധാരണക്കാർ കൈവിട്ടാൽ അദ്ഭുതപ്പെടേണ്ടതില്ല.

**പോളിറ്റ് ബ്യൂറോ അംഗമായിരുന്നപ്പോൾ പോലും മന്ത്രിസഭാംഗങ്ങളെ നിയന്ത്രിക്കാൻ വിഎസിനു കഴിഞ്ഞിരുന്നില്ല. ഇനിയിപ്പോൾ കേന്ദ്ര കമ്മിറ്റി അംഗം മാത്രമായി മാറിയ വിഎസിന്റെ കാര്യം കൂടുതൽ കഷ്ടമാകുമെന്നേ കരുതാൻ കഴിയൂ. പാർട്ടി പദവികൾ പരമപ്രധാനമായി കരുതുന്ന സിപിഎം നയിക്കുന്ന മന്ത്രിസഭയിൽ പോളിറ്റ് ബ്യൂറോ അംഗമായ ആഭ്യന്തരമന്ത്രിയുടെ കീഴിലാണോ മുകളിലാണോ കേന്ദ്രകമ്മിറ്റി അംഗമായ മുഖ്യമന്ത്രിയുടെ സ്ഥാനം എന്നു കണ്ടുതന്നെ അറിയണം!**

>> 8

കാഴ്ചവട്ടം

പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

# കള്ളുകുടിക്കും പെണ്ണുങ്ങൾ...

**നമ്മുടെ പെൺകുട്ടികൾക്കു സ്വാതന്ത്ര്യം കൂടി വരികയാണോ? എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം. അനുഭവങ്ങൾ പാഠമാക്കാൻ ഇന്നും ഇക്കൂട്ടർ ശ്രമിക്കുന്നില്ല. സ്വന്തം അനുഭവങ്ങളിൽ നിന്നു മാത്രമേ പാഠം പഠിക്കുകയുള്ളുവെന്നു വന്നാൽ, പിന്നെ ഒന്നും ബാക്കിയുണ്ടാകില്ല. മാതാപിതാക്കൾ ഇതൊന്നുമറിയുന്നില്ല. അഥവാ ഇതൊന്നും അറിഞ്ഞതായി ഭാവിക്കുന്നില്ല. അതുമല്ലെങ്കിൽ നമ്മുടെ പൺകുട്ടികൾ മാതാപിതാക്കളെ ഗൗനിക്കുന്നില്ല. ഞാനായി, എന്റെ വഴിയായി.**

സ്ത്രീപുരുഷ സമത്വം വളരെ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന കാലമാണിത്. അവസരസമത്വം, അതിനാൽ തന്നെ വ്യാപകമാകുന്നുമുണ്ട്. പുരുഷന്മാർ ചെയ്യുന്ന ഏതു ജോലിയും ചെയ്യാൻ ഞങ്ങൾ തയ്യാറാണെന്ന് സ്ത്രീകൾ വെല്ലുവിളിക്കുന്നു. ശാരീരികമായും ബൗദ്ധികമായുമുള്ള തൊഴിലുകളിൽ നിന്നും തങ്ങളെ മാറ്റി നിറുത്തേണ്ടതില്ലെന്നാണവരുടെ വാദം. തെങ്ങു കയറാനും ലോറി ഓടിക്കാനും കണ്ടക്ടറാകാനും കിണറു കുത്താനും വിമാനം പറപ്പിക്കാനും പോലീസാകാനും ഒക്കെ അവർ തയ്യാർ. അപ്പോൾ പിന്നെ, പുരുഷന്മാർ അനുഭവിക്കുന്ന 'അധികസുഖങ്ങൾ' അവർക്കും പ്രിയമാകേണ്ടതാണ്. അവസരസമത്വം!

മദ്യപാനമാണ് പുരുഷന്മാരുടെ ഏറ്റവും വലിയ ആഹ്ലാദ ഉപാധി. "വൈകിട്ടെന്താ പരിപാടി?" എന്നു പരസ്യത്തിലൂടെ മോഹൻലാലിനെക്കൊണ്ടു ചോദിക്കുന്നതും അതുകൊണ്ടാണ്. "അന്തിമയങ്ങിയാൽ അന്തിയടിക്കണ"മെന്നായിരുന്നു പണ്ടത്തെ ചിന്ത. അന്തിയെന്നാൽ അന്തിക്കള്ളെന്നു സാരം. അതുകൊണ്ടു തന്നെയാണ് "കള്ളോളം നല്ലൊരു വസ്തു, ഭൂലോകത്തില്ലെടി മറിയേ" എന്നു ഭൂമികുലുക്കുന്ന മട്ടിൽ ഭാര്യയോടു വിളിച്ചുകൂവുന്നതും.

പക്ഷേ ഇന്നാകട്ടെ, അന്തിയും കള്ളുമൊക്കെ അപ്രസക്തമായിരിക്കുന്നു. അതൊക്കെ പാവങ്ങളുടെ ഇടമായി മാറിയിരിക്കുന്നു. കള്ളുഷാപ്പുകളിൽ പ്രമാണികൾ കയറാറില്ല. അവർക്കു ബാറിലാണ് അഭയം. വിദേശമദ്യപാനത്തിനാകട്ടെ സമയനിഷ്ഠ വേണ്ടെന്നുമായിരിക്കുന്നു. ഏതു സമയവും മദ്യപിക്കാം. പകലെന്നോ രാത്രിയെന്നോ ഭേദമില്ല!

ഇന്നത്തെ ആധുനിക ചുറ്റുപാടിൽ വനിതകളുടെ മദ്യപാനാസക്തിയും വർധിച്ചിരിക്കുകയാണ്. വേലയും കൂലിയുമൊക്കെയുള്ള വനിതകൾ "രണ്ടെണ്ണം വിഴുങ്ങുന്നതിൽ" വലിയ അത്ഭുതമൊന്നുമില്ല. വീടുകളിൽ തന്നെ ഭർത്താക്കന്മാരോടൊപ്പം മദ്യപാനം ഒരാചാരമായി മാറിയിട്ടുള്ള കുടുംബങ്ങളുടെ എണ്ണം വർധിച്ചുവരികയാണ്. വനിതാ ഹോസ്റ്റലുകളിലും രഹസ്യമായ മദ്യപാനകൂട്ടായ്മകൾ നടന്നു പോരുന്നുണ്ട്.

എന്നുവച്ചു, വനിതകൾ പരസ്യമായി മദ്യപിക്കുന്ന ഏർപ്പാട് ഇന്നും കേരളത്തിൽ അപൂർവമാണ്. പരസ്യമായി ബാറുകളിലോ കള്ളുഷാപ്പുകളിലോ മലയാളിസ്ത്രീകൾ മദ്യപിക്കുന്നതു കണ്ടിട്ടുള്ളവർ ഉണ്ടെന്നു തോന്നുന്നില്ല. കള്ളുഷാപ്പുകളിൽ ചിലപ്പോൾ തമിഴ് സ്ത്രീകൾ മദ്യപിക്കുകയും തുടർന്നുള്ള അടിപിടികൾ നടത്തുകയും ചെയ്യാറുണ്ട്.

പക്ഷേ, കാലം മാറുന്നതനുസരിച്ചു ഇക്കാര്യത്തിലും കേരളം പുരോഗമിക്കുകയാണെന്നു തോന്നുന്നു. മലയാളസീരിയലിലെ മികച്ച ഒരു നടി ഈയിടെ അർധരാത്രി മദ്യപിച്ചശേഷം കാറോടിച്ചു തലസ്ഥാനത്തു ബഹളമുണ്ടാക്കിയ വാർത്ത വായനക്കാരെ ഞെട്ടിക്കുക തന്നെ ചെയ്തു. കഴിവുറ്റ ഈ നടി ഇപ്പോഴും ചാനലുകളിൽ അവതാരകയായി ശോഭിക്കുന്നുണ്ട് !

എന്നാൽ, കഴിഞ്ഞദിവസം കോട്ടയത്തിനു സമീപം നാട്ടകത്തു ഒരു കോളജ് വിദ്യാർത്ഥിനി മദ്യപിച്ചു ബഹളമുണ്ടാക്കുകയും അവസാനം പോലീസ്‌വലയിൽ പെടുകയും ചെയ്ത സംഭവം തീർത്തും ഞെട്ടിക്കുന്നതായിരുന്നു. കള്ളുഷാപ്പിലാണ് ഈ വിദ്യാർത്ഥിനി മദ്യപിക്കാനെത്തിയത്. കൂടെ രണ്ടു യുവാക്കളും. മൂവരും കൂടി കള്ളും കപ്പയും മറ്റും ആവോളം അകത്താക്കി. തുടർന്നു ഇവർ മദ്യപാനികളുടെ സ്ഥിരം കലാപരിപാടികളിലേക്കു നീങ്ങി. തമ്മിൽ തലോടലായി. തല്ലായി. ആകെ ബഹളം. പോലീസെത്തി മൂവരെയും അകത്താക്കി.




ഇവർ മൂവരും വിദ്യാർത്ഥികളാണ്. സാധാരണ വിദ്യാർത്ഥികളുമല്ല. മൂവരും ബി.ടെക് പരീക്ഷ വിജയിച്ചതിന്റെ ആഹ്ലാദം പങ്കിടാനാണ് കള്ളുഷാപ്പിലെത്തിയത്. മൂക്കറ്റം കുടിച്ചു. കള്ളുകുടിച്ചാൽ കള്ളു വെറുതെ കിടക്കില്ല. അതു നന്നായി പ്രവർത്തിക്കും. അത്രമാത്രം!

കാലം പോയ പോക്കു നോക്കണേ? എഞ്ചിനീയറിംഗ് പാസ്സായ യുവതി കൂട്ടുകാരോടൊപ്പം കള്ളുഷാപ്പിലെത്തിയാൽ? എന്തും സംഭവിക്കാം. പ്ലസ്ടു വിദ്യാർത്ഥിനികൾക്ക് അമ്പലപ്പുഴയിലുണ്ടായ ദുരന്തത്തിന്റെ ഓർമ വിട്ടുമാറിയിട്ടില്ല. സഹപാഠികൾ തന്നെയാണ് അവിടെയും വിദ്യാർത്ഥിനികളെ കൊണ്ടുപോയി പീഡിപ്പിക്കുകയും അതിന്റെ ഫോട്ടോകൾ എടുക്കുകയും ചെയ്തത്. അതേത്തുടർന്നുള്ള ചൂഷണം സഹിക്കവയ്യാതായപ്പോഴാണ് ആ പെൺകുട്ടികൾ ആത്മഹത്യ ചെയ്തതും.

നമ്മുടെ പെൺകുട്ടികൾക്കു സ്വാതന്ത്ര്യം കൂടി വരികയാണോ? എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം. അനുഭവങ്ങൾ പാഠമാക്കാൻ ഇന്നും ഇക്കൂട്ടർ ശ്രമിക്കുന്നില്ല. സ്വന്തം അനുഭവങ്ങളിൽ നിന്നു മാത്രമേ പാഠം പഠിക്കുകയുള്ളുവെന്നു വന്നാൽ, പിന്നെ ഒന്നും ബാക്കിയുണ്ടാകില്ല. മാതാപിതാക്കൾ ഇതൊന്നുമറിയുന്നില്ല. അഥവാ ഇതൊന്നും അറിഞ്ഞതായി ഭാവിക്കുന്നില്ല. അതുമല്ലെങ്കിൽ നമ്മുടെ പെൺകുട്ടികൾ മാതാപിതാക്കളെ ഗൗനിക്കുന്നില്ല. ഞാനായി, എന്റെ വഴിയായി. അല്ലെങ്കിൽ പിന്നെ, ഓസ്ട്രേലിയയിൽ കൊണ്ടുപോയി താമസിപ്പിച്ചിരുന്ന മകൾ, രായ്ക്കുരാമാനം കേരളത്തിലെത്തി നാട്ടിൽ വാർത്താഭൂകമ്പം ഉണ്ടാക്കുമായിരുന്നില്ലല്ലോ? പെറ്റുവളർത്തിയ അമ്മ നോക്കുകുത്തിയായി നില്ക്കുന്ന അവസ്ഥ!

പെൺകുട്ടികളുടെ ഇന്നത്തെ പോക്കു നോക്കി അന്തംവിട്ടുനില്ക്കുകയാണ് സമൂഹം. എന്താണിതിനൊരു പോംവഴി? പോംവഴി കണ്ടുപിടിച്ചേ മതിയാകൂ. തത്കാലം മാതാപിതാക്കൾ തന്നെ ജാഗ്രതയോടെ രംഗത്തു വരേണ്ടിയിരിക്കുന്നു.

കള്ളുകുടിക്കാനും കൂത്താടാനും അടിപിടികൂടാനും നമ്മുടെ വിദ്യാർത്ഥിനികൾ അഹമഹമിഹയാ മുന്നോട്ടു വരും. ബാംഗ്ലൂരിലേതുപോലുള്ള 'ബാർശൈലി' കേരളത്തിലും വ്യാപകമാകും.

## അറിയേണ്ടും കാര്യങ്ങൾ

### ശക്തമായ പ്രതിഷേധം

## ഇസ്രയേലിനു നല്കുന്ന ആയുധം ബ്രിട്ടൺ വെട്ടിക്കുറച്ചു

ഇരുപത്തിരണ്ടു ദിവസം നീണ്ടുനിന്ന പാലസ്തീനുമേലുള്ള ഇസ്രയേൽ സൈനിക നടപടിയിൽ കൊല്ലപ്പെട്ടവരിൽ ഭൂരിപക്ഷവും സാധാരണക്കാരാണെന്നും മനുഷ്യാവകാശത്തിനുമേലുള്ള കടന്നുകയറ്റമാണവിടെ നടന്നതെന്നും ആംനെസ്റ്റി ഇന്റർനാഷണൽ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര സംഘടനകൾ സ്ഥിതിവിവരകണക്കുകൾ സഹിതം സമർത്ഥിച്ചിരുന്നു. ഇതിനെത്തുടർന്ന് ഇസ്രയേലിനെതിരെ



പ്രതിഷേധം ശക്തമായിരുന്നു. ഈ സമ്മർദത്തിൽ ബ്രിട്ടീഷ് സർക്കാർ റദ്ദാക്കിയിരിക്കുന്നത് ഇസ്രയേലുമായുള്ള അഞ്ച് വൻ ആയുധ കൈമാറൽ കരാറുകളാണ്. ഡിസംബർ 27ന് ആരംഭിച്ച സൈനിക നടപടി ജനുവരി 18ന് രാജ്യാന്തരസമ്മർദം ശക്തമായതിനെത്തുടർന്നാണ് ഇസ്രയേൽ നിർത്തിവച്ചത്.

ആംനെസ്റ്റി ഇന്റർനാഷണൽ റിപ്പോർട്ടിൽ സാധാരണ ജനങ്ങളുടെ കുരുതിക്ക് ഇസ്രയേലും ഹമാസും ഒരേപോലെ ഉത്തരവാദികളാണെന്നു പറയുന്നു. ബ്രിട്ടീഷ് നിർമിതമായ അത്യന്തം വിനാശകരമായ ആയുധങ്ങൾ അന്താരാഷ്ട്ര യുദ്ധ നിയമങ്ങളെല്ലാം കാറ്റിൽ പറത്തി ഗാസയ്ക്കുമേൽ പ്രയോഗിച്ചത് മൂലമാണ് വ്യാപകമായ ജീവഹാനി സംഭവിച്ചതെന്നും റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നു. ഇപ്പോൾ ബ്രിട്ടൺ റദ്ദു ചെയ്തിരിക്കുന്നത് ഇസ്രയേൽ നേവിക്കുള്ള ആയുധ വിതരണമാണ്.

ജനുവരിയിലെ ഇസ്രയേൽ സൈനിക നടപടിയിൽ കൊല്ലപ്പെട്ട പാലസ്തീനികളുടെ എണ്ണം സംബന്ധിച്ച് വ്യത്യസ്തമായ കണക്കുകളാണ് ഇസ്രയേൽ സർക്കാരും പാലസ്തീൻ അതോറിട്ടിയും പറയുന്നത്.

| കൊല്ലപ്പെട്ടവർ | പാലസ്തീന്റെ എണ്ണം | ഇസ്രയേലിന്റെ എണ്ണം |
|---|---|---|
| ആകെ പേർ | 1434 | 1166 |
| സൈനികർ | 235 | 910–870 |
| തദ്ദേശവാസികൾ | 906 | 295–460 |
| സ്ത്രീകൾ | 121 | 49 |
| കുട്ടികൾ | 288 | 89 |

പതിമൂന്ന് ഇസ്രയേൽ സൈനികർ കൊല്ലപ്പെട്ടു. ഗാസയിൽ നിന്നുള്ള ഹമാസിന്റെ റോക്കറ്റ് ആക്രമണം തടയുകയായിരുന്നു തങ്ങളുടെ സൈനികനടപടിയുടെ ലക്ഷ്യമെന്ന നിലപാടിൽ ഇസ്രയേൽ ഉറച്ചുനില്ക്കുന്നു.